രാഷ്ട്രീയ പ്രേരിതമായുള്ള കേസ്സുകൾ

157 (3789) ശ്രീ. എ. കെ. ബാലൻ :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ പകപോക്കലിന് അധികാരം ദുർവിനിയോഗിക്കുന്നതായുള്ള ആഭ്യന്തരവകുപ്പിനെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; രാഷ്ട്രീയ എതിരാളികളെ കള്ളകേസ്സുകളിൽ കുടുക്കി വേട്ടയാടുന്നത് നയമാണോ :

(ബി) ഇടുക്കിയിലെ പൊതു പ്രവർത്തകനായ സി.പി.ഐ.(എം) നേതാവ് ശ്രീ. എം. എം. മണി ഒരു ഗ്രാമത്തിൽ ജനങ്ങളോടു സംസാരിക്കുമ്പോൾ ഉപേയാഗിച്ചതായി പറയപ്പെടുന്ന ചില വാചകങ്ങളെ അടിസ്ഥാനമാക്കി പോലീസ് അദ്ദേഹത്തെ അറസ്റ്റ് ചെയ്തിട്ടുണ്ടായിരുന്നുവോ ; എത്ര ദിവസം ജയിലിൽ അടയ്ക്കുകയുണ്ടായി ; ഏതെല്ലാം വകുപ്പുകൾ പ്രകാരം കേസ്സെടുത്തു ;

(സി) ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് ശ്രീ. എം. എം. മണിയുടെ പ്രസംഗത്തെ ആധാരമാക്കി സർക്കാരെടുത്ത പുനരന്വേഷണ നിലപാട് തള്ളിക്കളഞ്ഞുകൊണ്ട് വിധിപ്രസ്താവന നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) രാഷ്ട്രീയപ്രവർത്തകർ ജനങ്ങളോട് പൊതുയോഗങ്ങളിൽ പ്രസംഗിക്കുമ്പോൾ വന്നു ചേരുന്ന പരാമർശങ്ങളുടെ പേരിൽ രാഷ്ട്രീയ പ്രേരിതമായി കേസ്സെടുക്കുന്നത് അവസാനിപ്പിക്കാമോ ?

ഉത്തരം

(എ) രാഷ്ട്രീയ പകപോക്കലിന് അധികാരം ദുർവിനിയോഗം ചെയ്യുന്നതായുള്ള ആഭ്യന്തര വകുപ്പിനെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണ്.

(ബി) ഇടുക്കിയിലെ പൊതുപ്രവർത്തകനായ സി.പി.ഐ.(എം) നേതാവ് ശ്രീ. എം. എം. മണി തൊടുപുഴ സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട മണക്കാട് വച്ച് 25-5-2012 തീയതി നടത്തിയ പ്രസംഗത്തിൽ ഉപയോഗിച്ചതായി പറയപ്പെടുന്ന ചില വാചകങ്ങളെ അടിസ്ഥാനമാക്കി അദ്ദേഹത്തിനെതിരെ തൊടുപുഴ പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേഷൻ ക്രൈം 1196/12-ൽ 109 of 302, 118 of 302, 116, 117, 505(1) (b) IPC & 117 E of KP Act 2011 വകുപ്പുകൾ പ്രകാരം 28-5-2012 -ന് രജിസ്റ്റർ ചെയ്ത കേസിൽ ടിയാനെ അറസ്റ്റ് ചെയ്തിട്ടില്ല. എന്നാൽ പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുള്ള രാഷ്ട്രീയപ്രതിയോഗികളുടെ കൊലപാതകവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്ന മൂന്ന കേസ്സുകളിൽ (ശാന്തൻപാറ പോലീസ് സ്റ്റേഷൻ ക്രൈം 118/82-അഞ്ചേരി ബേബി വധം, രാജാക്കാട് പോലീസ് സ്റ്റേഷൻ ക്രൈം 02/83- മുള്ളൻചിറ മത്തായി വധം, ശാന്തൻപാറ പോലീസ് സ്റ്റേഷൻ ക്രൈം 65/83-മുട്ടുകാട് നാണപ്പൻ വധം) ഉടരന്വേഷണം നടത്തിയിട്ടുള്ളതും ശാന്തൻപാറ പോലീസ് സ്റ്റേഷൻ ക്രൈം 118/82 കേസിൽ ശ്രീ. എം. എം. മണിയെ 21-11-2012-ൽ അറസ്റ്റ് ചെയ്ത് 4-1-2013 വരെ 44 ദിവസം റിമാൻഡ് ചെയ്ത് പീരുമേട് സബ് ജയിലിൽ പാർപ്പിച്ചിട്ടുള്ളതുമാണ്.

(സി) വിവാദ പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ പീരുമേട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 206/2004 കേസിന്റെ ഉടരന്വേഷണത്തിന് അനുമതിക്കായി ബഹു. കേരള ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്ന അപേക്ഷ 24-11-2014-ൽ നിരസിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) രാഷ്ട്രീയ പ്രേരിതമായി കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

പോലീസ് കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ

158 (3790) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയിൽ ഓരോ വിഭാഗത്തിലുമായി കോൺസ്റ്റബിൾമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് പറയാമോ ;

(ബി) പോലീസ് കോൺസ്റ്റബിൾമാരുടെ 30-11-2014 വരെയുള്ള ഒഴിവുകൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(സി) ഏതൊക്കെ ജില്ലകളിലാണ് പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റ് നിലവിലുള്ളത് ; ഓരോ ലിസ്റ്റിൽനിന്നും എത്ര പേർക്ക് വീതം നിയമന ഉത്തരവുകൾ നൽകി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly